**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**2019 നവംബർ മാസം 21 – ന് നിയമസഭ ഐകകണ്ഠ്യേന**
**പാസ്സാക്കിയ പ്രമേയം**

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും 1961 – ലെ ഇൻകം ടാക്സ് ആക്ടിലെ വകുപ്പ് 80 (P)(2) പ്രകാരം ആദായനികുതി ഇളവ് അനുവദനീയമായിരുന്നു. എന്നാൽ 01.04.2007–ൽ പ്രാബല്യത്തിൽ വന്ന 2006 – ലെ ഫിനാൻസ് ആക്ട് ഭേദഗതിയിലൂടെ ആദായനികുതി നിയമത്തിലെ വകുപ്പ് 80 (P) ഭേദഗതി വരുത്തി ഉപവകുപ്പ് 4 കൂട്ടിച്ചേർക്കപ്പെട്ടതോടെ 2007-08 സാമ്പത്തിക വർഷം മുതൽ ആദായനികുതി വകുപ്പ് മേൽ നിയമത്തിലെ 80 (P)(2) പ്രകാരമുള്ള ആനുകൂല്യം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയൊഴികെയുള്ള സഹകരണ സംഘങ്ങൾക്ക് നിഷേധിക്കുകയുണ്ടായി. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് (PACS) ആദായനികുതി നിയമം വകുപ്പ് 80 (P)(2) പ്രകാരമുള്ള ആദായനികുതി കിഴിവിന് (deduction) തുടർന്നും അർഹതയുണ്ടെന്നിരിക്കെ ഇതിന് വിരുദ്ധമായി ആദായനികുതി വകുപ്പ് കേരളത്തിലെ PACS – കൾ ബാങ്കുകൾക്ക് സമാനമായ പ്രവർത്തനമാണ് നടത്തുന്നതെന്നും കാർഷികേതര പ്രവർത്തനങ്ങൾ നടത്തി ലാഭമുണ്ടാക്കുന്നുണ്ടെന്നും ചൂണ്ടിക്കാട്ടി വലിയ തോതിൽ ആദായനികുതി ചുമത്തിക്കൊണ്ടുള്ള അസസ്മെന്റ് ഉത്തരവുകൾ നൽകി വരുന്നു. സംസ്ഥാന സർക്കാർ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് പലതവണ പരിഹാരത്തിന് ശ്രമിക്കുകയുണ്ടായെങ്കിലും അനുകൂലമായ നടപടി ഉണ്ടായില്ല.

കൂടാതെ, കേന്ദ്ര ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത വകുപ്പ് 194 N, 01.04.2019 മുതൽ പ്രാബല്യത്തിൽ വന്നതോടെ ഒരു

സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപ കറൻസിയായി ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നപക്ഷം 2% സ്രോതസിൽ നികുതി (TDS) ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ബാങ്കിംഗ് ബിസിനസ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട് എങ്കിലും സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ് അല്ല നടത്തുന്നത് എന്ന് ചൂണ്ടിക്കാട്ടി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളടക്കമുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നടക്കമുള്ള ബാങ്കുകളിൽ നിന്നും ഒരു കോടി രൂപയിലധികം ഒരു സാമ്പത്തികവർഷം പണമായി പിൻവലിക്കുമ്പോൾ സ്രോതസിൽ നികുതി ഈടാക്കണമെന്ന് കാട്ടി ബാങ്കുകൾക്ക് ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. കേരള സഹകരണ നിയമം 1969 പ്രകാരം നിയന്ത്രിതമായി നിക്ഷേപ-വായ്പാ പ്രവർത്തനം നടത്തുന്ന സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാസംഘങ്ങൾ (PACS) ബിസിനസിന്റെ ഭാഗമായി ഒരു സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപയുടെ പണമിടപാടുകൾ നടത്തിവരുന്നുണ്ട്. അപ്രകാരമുള്ള ഇടപാടുകൾക്ക് 2% TDS ഈടാക്കുന്നത് സംഘങ്ങളുടെ പ്രവർത്തനമൂലധനത്തെ സാരമായി ബാധിക്കുന്നതും വായ്പേതര സംഘങ്ങൾക്ക് ഈ നിയമം അവരുടെ ദൈനംദിന ഇടപാടുകൾക്ക് വിഘാതം സൃഷ്ടിക്കുന്നതുമാണ്.

സഹകരണമേഖലയുടെ പ്രവർത്തനം കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ജനങ്ങളുടെ വരുമാനം, തൊഴിൽ, അടിസ്ഥാന സൗകര്യവികസനം, കൃഷി-വിപണനം തുടങ്ങി സമൂഹത്തിലെ സമസ്ത മേഖലകളെയും ശക്തിപ്പെടുത്തുന്നതിനുള്ള ചാലക ശക്തിയായി മാറിയിട്ടുള്ളതിനാൽ കേന്ദ്ര ആദായനികുതി നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള മേൽ നിയമഭേദഗതികളും നിയമ നിഷേധനടപടികളും സംസ്ഥാന താൽപര്യങ്ങളെ ഹനിക്കുന്നതാണ്.

ഈ പശ്ചാത്തലത്തിൽ, പ്രാഥമിക സഹകരണസംഘങ്ങൾക്ക് സ്വാതന്ത്ര്യാനന്തര കാലം മുതൽ ലഭിച്ചു വന്നിരുന്ന ആദായനികുതി ആനുകൂല്യം

എടുത്ത് കളഞ്ഞതും, PACS കൾക്ക് ആദായ നികുതി നിയമപ്രകാരം അനുവദനീയമായ 80 (P) ആനുകൂല്യം നിഷേധിക്കുന്നതും ആദായനികുതി നിയമത്തിലെ 194 N എന്ന വകുപ്പിന്റെ പരിധിയിൽ പ്രാഥമിക സഹകരണസംഘങ്ങളെ കൊണ്ടുവന്നിട്ടുള്ളതും കേരളത്തിലെ സഹകരണമേഖലയുടെ തകർച്ചയ്ക്ക് വഴിവയ്ക്കുന്നതാണ് എന്ന് ഈ സഭ വിലയിരുത്തുന്നു.

ആയതിനാൽ കാർഷിക, കാർഷികേതര വ്യത്യാസം കൂടാതെ സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണസംഘങ്ങൾക്കും ആദായനികുതി ഇളവ് ലഭ്യമാക്കാൻ കഴിയുന്ന വിധം കേന്ദ്ര ആദായ നികുതി നിയമത്തിൽ മതിയായ മാറ്റം കൊണ്ടുവരണമെന്നും PACS കൾക്ക് ആദായനികുതി 80 (P) പ്രകാരം അനുവദനീയമായ നികുതി കിഴിവ് ഉപാധിരഹിതമായി അനുവദിക്കണമെന്നും ആദായനികുതി നിയമത്തിലെ 194 N എന്ന വകുപ്പിന്റെ പരിധിയിൽ നിന്ന് പ്രാഥമിക സഹകരണസംഘങ്ങളെ ഒഴിവാക്കണമെന്നും കേരള നിയമസഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം
21.11.2019

എസ്.വി.ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.